# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/91/2018 2018 മെയ് 2

## പത്രക്കുറിപ്പ്

### ഓഫ് കാമ്പസ് പരീക്ഷാകേന്ദ്രങ്ങൾ

**(ദയവായി എല്ലാ എഡിഷനുകളിലും)**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഓഫ് കാമ്പസ് പരീക്ഷകൾ മെയ് 3ന് ആരംഭിക്കും. വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടിന്റെ പക്കൽ നിന്നും ഹാൾ ടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. പരീക്ഷാഹാളിൽ ഹാൾ ടിക്കറ്റിനൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ സർവ്വകലാശാലാ വെബ് സൈറ്റിൽ (www.mgu.ac.in) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2733624.

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2015 ബാച്ച് റഗുലർ/2014 ബാച്ച് സപ്ലിമെന്ററി) മെയ് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മെയ് 17 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈവാവോസി

നാലാം സെമസ്റ്റർ എം.ടെക് (ഇൻവയോൺമെന്റൽ എഞ്ചിനീയറിംഗ് 2018) മാസ്റ്റേഴ്സ് തിസിസ് ആന്റ് മാസ്റ്റേഴ്സ് കോംപ്രിഹെൻസീവ് വൈവ മെയ് 4ന് കറുകുറ്റി എസ്.സി.എം.എസ്. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നടക്കും.

### പരീക്ഷാഫലം

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017 ഡിസംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ എജ്യൂക്കേഷൻ (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ 2017 ഡിസംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (റഗുലർ & ഇംപ്രൂവ്മെന്റ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂൺ മാസത്തിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എഡ് (റഗുലർ, ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 14 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.വോക്, 2017 ആഗസ്റ്റ് മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് (എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ നടത്തിയ റിന്യൂവബിൾ എനർജി ഒഴികെ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 16 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 9 വരെ അപേക്ഷിക്കാം.

**കോട്ടയം പുഷ്പനാഥിന്റെ നിര്യാണത്തിൽ അനുശോചനം**

ജനകീയ സാഹിത്യകാരൻ ശ്രീ. കോട്ടയം പുഷ്പനാഥിന്റെ നിര്യാണത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അനുശോചനം രേഖപ്പെടുത്തി. കോട്ടയം അക്ഷരനഗരിക്ക് മാത്രമല്ല കേരളമാകെയുള്ള സാധാരാണക്കാരായ ആളുകളെയും വായനയുടെ പടവുകൾ കയറാൻ സഹായിച്ച ഈടുറ്റ സാഹിത്യരചനയുടെ അവകാശിയായ ശ്രീ. കോട്ടയം പുഷ്പനാഥിന്റെ വിയോഗത്തിൽ അദ്ദേഹം ദുഃഖം അറിയിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**